2. മാനന്തവാടി ആരോഗ്യ പദ്ധതി, ആശുപത്രി അടിസ്ഥാന സൗകര്യ വികസനം.

3. പട്ടികവർഗ്ഗ പ്രദേശങ്ങളിലെ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം.

4. വയനാട് ജില്ലയിലെ കുടിവെള്ള സൗകര്യം മെച്ചപ്പെടുത്തൽ.

5. പട്ടികവർഗ്ഗ പുനരധിവാസ ധനസഹായം.

6. പട്ടികവർഗ്ഗക്കാർക്കായുള്ള "ട്രൈബൽ കോംപ്ലക്സ്" കൊച്ചി.

ഇവ ഘട്ടംഘട്ടമായി നടപ്പാക്കിവരുന്നു.

ത്രിതല പഞ്ചായത്തുകൾ വഴിയുള്ള പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ

137 (1029) ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീമതി മേഴ്സി രവി :
ശ്രീ. ലൂഡി ലൂയീസ് :
ശ്രീ. പി. ജെ. ജോയി :
ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച എന്തെല്ലാം പദ്ധതികളാണ് ത്രിതല പഞ്ചായത്തുകൾ വഴി നടപ്പാക്കുന്നത് ;

(ബി) ഈ പദ്ധതികളുടെ നടത്തിപ്പ് കുറ്റമറ്റവിധത്തിലാണെന്നുറപ്പു വരുത്തുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(സി) ഈ പദ്ധതിപ്രകാരം ചെലവഴിക്കുന്ന തുകയുടെ കണക്ക് സർക്കാരിനെ ബോദ്ധ്യപ്പെടുത്തേണ്ടതുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പഞ്ചായത്ത്-മുനിസിപ്പൽ നിയമങ്ങൾ പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുവേണ്ടി ത്രിതല പഞ്ചായത്തുകൾ നടപ്പിലാക്കേണ്ട അനിവാര്യ ചുമതലകളുടെ പട്ടിക അനുബന്ധം I ആയി † ചേർത്തിരിക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ നിന്നും പഞ്ചായത്തുകൾക്ക് കൈമാറിയ പദ്ധതികളുടെ പട്ടിക അനുബന്ധം II ആയി † ചേർത്തിരിക്കുന്നു. ഇവ കൂടാതെ പ്രത്യേക ഘടക പദ്ധതിയിലും ട്രൈബൽ സബ് പ്ലാനിലും പെടുത്തി ത്രിതല പഞ്ചായത്തുകൾക്ക് നൽകുന്ന തുക ഉപയോഗിച്ച് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ഉപകാരപ്രദമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് പഞ്ചായത്തുകളെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. †

†അനുബന്ധം XI, XIഎ

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൈമാറ്റം ചെയ്ത പദ്ധതികൾ നടപ്പിലാക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതുപോലെ തന്നെ പ്രത്യേക ഘടക പദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നിവ പ്രകാരമുള്ള പദ്ധതികളുടെ രൂപീകരണത്തിനും, അംഗീകരിക്കുന്നതിനും, നടപ്പിലാക്കുന്നതിനും വളരെ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ സംസ്ഥാന പ്ലാനിംഗ് ബോർഡും, സർക്കാരും പുറപ്പെടുവിച്ചിട്ടുണ്ട്. വിവിധതലത്തിലുള്ള കമ്മിറ്റികളും ഉണ്ട്. പദ്ധതികൾ ഗ്രാമസഭ, ഊരുകൂട്ടം, വർക്കിംഗ് ഗ്രൂപ്പ്, സാങ്കേതിക സമിതി, ഡി. പി. സി. തുടങ്ങിയവ വിവിധ ഘട്ടങ്ങളിൽ പരിശോധിക്കുന്നുണ്ട്. നടത്തിപ്പ് വിലയിരുത്തുന്നതിന് മോണിറ്ററിംഗ് സംവിധാനം നിലവിലുണ്ട്. അതിനുപുറമേ പദ്ധതികൾ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് പ്രയോജനകരമാണെന്നും, മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടെന്നും കാണിക്കുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരിൽ നിന്നും ലഭിച്ചതിനുശേഷമേ പദ്ധതികൾ അന്തിമമായി അംഗീകരിക്കാൻ പാടുള്ളു എന്ന നിബന്ധനയും നിലവിലുണ്ട്. ഇതിനെല്ലാം പുറമേ ജില്ലാതല പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ കമ്മിറ്റിയേയും പദ്ധതികൾ അവലോകനം ചെയ്യുന്നതിന് അധികാരപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്യോഗസ്ഥന്മാരും, എസ്. സി. പ്രൊമോട്ടർമാർ, ട്രൈബൽ പ്രൊമോട്ടർമാർ എന്നിവരും പദ്ധതി നടത്തിപ്പുകൾ പരിശോധിക്കുന്നുണ്ട്.

(സി) സർക്കാർ ബഡ്ജറ്റിൽ വകയിരുത്തി നൽകുന്ന പണം വിനിയോഗിച്ചാണ് തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രധാനമായും പദ്ധതി തയ്യാറാക്കി നടപ്പാക്കുന്നത് അതുകൊണ്ട് തന്നെ ചെലവഴിച്ച തുകയുടെ വിവരം. സർക്കാരിനെ അറിയിക്കേണ്ടതുണ്ട്. ജില്ലാതലത്തിൽ ഇവ ശേഖരിച്ചു പരിശോധിക്കുന്നതിന് വേണ്ട സംവിധാനം നിലവിലുണ്ട്. ഇപ്പോൾ ഈ രീതിയിൽ വിവരങ്ങൾ സംസ്ഥാനതലത്തിൽ ശേഖരിച്ചു സർക്കാരിനും സംസ്ഥാന ആസൂത്രണ ബോർഡിനും നൽകി വരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ പദ്ധതികൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡിൽ നിന്നും ഓരോ വർഷവും ചെലവഴിക്കുന്ന തുകയുടെ കണക്ക് വകുപ്പിന് ലഭ്യമാക്കേണ്ടതാണെങ്കിലും കണക്കുകൾ യഥാസമയം ലഭിക്കാറില്ല. കൈമാറ്റം ചെയ്ത പദ്ധതികളുടെ കണക്കുകൾ വകുപ്പിനെ അറിയിക്കേണ്ടതാണ്. എന്നാൽ പലപ്പോഴും അവർ ഇക്കാര്യത്തിൽ കൃത്യനിഷ്ഠ പാലിക്കാറില്ല. കണക്കുകൾ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് പരിശോധിക്കണമെന്ന ഭരണപരിഷ്ക്കാര കമ്മിറ്റിയുടെ ശുപാർശ സർക്കാർ അംഗീകരിച്ചു ഉത്തരവായിട്ടുണ്ട്.

പട്ടികവർഗ്ഗക്ഷേമത്തിനായി കൈക്കൊണ്ട നടപടികൾ

138 (1030) ശ്രീ. കെ. കെ. ഷാജു :

ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ ക്ഷേമത്തിനായി കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly